● ജസ്റ്റിൻ ജോസഫ്

എയിഡ്സിനെതിരെ ആന്ധ്രാമോഡൽ

എച്ച്.ഐ.വി/ എയിഡ്സ് ബാധ അനുദിനം വർധിച്ചുവരുമ്പോൾ ഒന്നും കണ്ടില്ലെന്ന് നടിച്ചിരുന്ന പല സംസ്ഥാനങ്ങളും ഇന്ന് ആന്ധ്രയുടെ വഴി പിന്തുടരുന്നതിനെ കുറിച്ച് ആലോചിച്ചു തുടങ്ങിയിരിക്കുന്നു. രാജ്യാന്തര തലത്തിൽതന്നെ ആന്ധ്രാ മോഡൽ ചർച്ചാ വിഷയമാകുന്നു. ഐതിഹാസികമായ ഈ വിജയഗാഥയെക്കുറിച്ചുള്ള അന്വേഷണം ചെന്നെത്തുന്നത് ചെങ്ങന്നൂരുകാരൻ ജി. അശോക് കുമാറിലാണ്.

ബഹുരാഷ്ട്ര കുത്തകകളുടെ കച്ചവട തന്ത്രത്തിൽ പ്രചാരം നേടിയ വാലന്റെൻസ് ദിനം പ്രണയിക്കുന്നവരുടെ ഉത്സവമായാണ് ലോകമെമ്പാടും കൊണ്ടാടപ്പെടുന്നത്. കഴിഞ്ഞ ഫെബ്രുവരി 14നും പതിവു തെറ്റിക്കാതെ ഇന്ത്യയിലെ പല കേന്ദ്രങ്ങളിലും പ്രണയോത്സവങ്ങൾ അരങ്ങേറിയപ്പോൾ ആന്ധ്രാപ്രദേശിലെ നാലു നഗരങ്ങൾ വേറിട്ട ഒരു ആഘോഷത്തിന് ആതിഥ്യമരുളുകയായിരുന്നു.

ഹൈദരാബാദിലും ഗുണ്ടൂരിലും വിജയവാഡയിലും വിശാഖപട്ടണത്തും എച്ച്.ഐ.വി ബാധിതരായ ദമ്പതികൾ ഒത്തുചേർന്നു. ആയുസ്സിന്റെ പുസ്തകത്തിൽ തങ്ങൾക്ക് അധിക നാളുകളില്ലെന്ന സത്യം ഉൾക്കൊണ്ട ഭാര്യാഭർത്താക്കൻമാരും ദുരിത നാളുകളിൽ പങ്കാളിയെ കൈവിടാതെ വേദന പങ്കുവെക്കാൻ തീരുമാനിച്ചവരുമൊക്കെ അക്കൂട്ടത്തിലുണ്ടായിരുന്നു.

പ്രണയത്തിന്റെയും സ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും ഉദാത്ത സാക്ഷ്യം നൽകുന്ന ദമ്പതികളെ അഭിനന്ദിക്കാൻ, അവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കാൻ ചലച്ചിത്ര, കായിക മേഖലകളിൽനിന്നുള്ള പ്രമുഖർ സകുടുംബം എത്തി.

അനുഭവങ്ങൾ പങ്കുവെച്ച്, വിനോദങ്ങൾ ആസ്വദിച്ച് ഉല്ലാസ യാത്രയും അത്താഴ വിരുന്നും കഴിഞ്ഞ് മടങ്ങുമ്പോൾ അവരുടെ ആഹ്ലാദം വാക്കുകൾക്ക് അതീതമായിരുന്നു.

ഇന്ത്യയിൽ എയിഡ്സ് രോഗികളുടെ എണ്ണത്തിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്ന ആന്ധ്രാപ്രദേശിൽ നടന്നുവരുന്ന എച്ച്.ഐ.വി വിരുദ്ധ മുന്നേറ്റത്തിലെ ശ്രദ്ധേയമായ ഒരു അധ്യായം മാത്രമായിരുന്നു ഈ സംഗമം. മനുഷ്യക്കടത്തിനും ലൈംഗിക ചൂഷണത്തിനും എച്ച്.ഐ.വി ബാധക്കും കുപ്രസിദ്ധമായ തെലുങ്കുനാടിനെ കാത്തിരിക്കുന്ന വൻ ദുരന്തം മുന്നിൽ കണ്ട് ആന്ധ്രാപ്രദേശ് സ്റ്റേറ്റ് എയിഡ്സ് കൺട്രോൾ സൊസൈറ്റി(എ.പി.എസ്.എ.സി.എസ്) ആസൂത്രണം ചെയ്ത പദ്ധതി വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിച്ച് ഒന്നാം വാർഷികത്തോടടുക്കുകയാണ്.

എച്ച്.ഐ.വി/ എയിഡ്സ് ബാധ അനുദിനം വർധിച്ചുവരുമ്പോൾ ഒന്നും കണ്ടില്ലെന്ന് നടിച്ചിരുന്ന പല സംസ്ഥാനങ്ങളും ഇന്ന് ആന്ധ്രയുടെ വഴി പിന്തുടരുന്നതിനെ കുറിച്ച് ആലോചിച്ചു തുടങ്ങിയിരിക്കുന്നു. രാജ്യാന്തര തലത്തിൽതന്നെ ആന്ധ്രാ മോഡൽ ചർച്ചാ വിഷയമാകുന്നു. ഐതിഹാസികമായ ഈ വിജയഗാഥയെക്കുറിച്ചുള്ള അന്വേഷണം ചെന്നെത്തുന്നത് ഒരു മലയാളിയിലാണ്- സിവിൽ സർവീസ് എന്നത് അധികാരത്തിനും അലങ്കാരത്തിനുമപ്പുറം ജനങ്ങളെ സേവിക്കലാണെന്ന ബോധ്യമുൾക്കൊണ്ട ചെങ്ങന്നൂരുകാരൻ ജി. അശോക് കുമാർ. 1991ലെ ഐ.എ.എസ് ബാച്ചുകാരനായ ഇദ്ദേഹം ആന്ധ്രയിൽ വിവിധ പദവികളിൽ ശ്രദ്ധേയമായി സേവനമനുഷ്ഠിച്ച ശേഷമാണ് സംസ്ഥാന എയിഡ്സ് കൺട്രോൾ സൊസൈറ്റിയുടെ പ്രോജക്ട് ഡയറക്ടറായി ചുമതലയേൽക്കുന്നത്.

എച്ച്.ഐ.വി/ എയിഡ്സ് ബാധയുടെ കണക്കുകൾക്കു മുന്നിൽ പകച്ചുനിന്നിരുന്ന സംസ്ഥാന സർക്കാർ അശോക് കുമാറിന്റെ നേതൃത്വത്തിൽ സൊസൈറ്റി രൂപം നൽകിയ പദ്ധതികൾക്ക് അകമഴിഞ്ഞ പിന്തുണ നൽകി. രാഷ്ട്രീയ ഇച്ഛാശക്തിയും ഉദ്യോഗസ്ഥരുടെ നിശ്ചയദാർഢ്യവും ഒന്നുചേർന്നപ്പോൾ അത് ചരിത്രത്തിലേക്കുള്ള ചുവടുവെപ്പായി.

ചങ്കൂറ്റം തേടിയ പദ്ധതി

ബി ബോൾഡ് (ചങ്കൂറ്റം കാട്ടുക) -എച്ച്.ഐ.വി/ എയിഡ്സിനെതിരായ യുദ്ധത്തിനിറങ്ങുമ്പോൾ അശോക് കുമാറും സംഘവും മുന്നോട്ടുവെച്ച ആഹ്വാനം ഇതായിരുന്നു. നാടിനെ അനുദിനം കാർന്നുതിന്നുകൊണ്ടിരിക്കുന്ന

വൻ വിപത്തിൽനിന്ന് രക്ഷപ്പെടാൻ സമൂഹത്തിന്റെ എല്ലാ മേഖലകളിലുമുള്ളവർ ചങ്കൂറ്റം കാട്ടണമെന്ന വിവക്ഷയിലാണ് എച്ച്.ഐ.വി വിരുദ്ധ പദ്ധതിക്ക് ഈ പേര് നൽകിയത്. ഇന്ത്യയിൽ വിവര സാങ്കേതിക വിദ്യാ വിപ്ലവത്തിന് തുടക്കം കുറിച്ച നഗരങ്ങളിലൊന്ന് ആന്ധ്രയുടെ തലസ്ഥാനമായ ഹൈദരാബാദായിരുന്നു എന്ന് ഓർക്കുക. എയിഡ്സിനെതിരായ പോരാട്ടത്തിലും അന്ധ്ര ഇപ്പോൾ മുൻപേ ഓടുകയാണ്. സംസ്ഥാനത്തെ വൈറസ് ബാധയുടെ വ്യാപ്തി കണക്കാക്കുമ്പോൾ ഈ ഓട്ടം അനിവാര്യമാണെന്ന് കാണാം.

2006 ഡിസംബർ ഒന്നിനാണ് ബി ബോൾഡ് പരിപാടിക്ക് തുടക്കം കുറിച്ചത്. മുഖ്യമന്ത്രി വൈ.എസ്. രാജശേഖര റെഡ്ഡി മുതൽ നഗരങ്ങളിലെ ലൈംഗികതൊഴിലാളികൾവരെ ഈ മുന്നേറ്റത്തിൽ കൈകോർത്തു. ഉദ്ഘാടന ദിനത്തിൽ ധനമന്ത്രി കെ. റോസെയ്യയും ഡി.ജി.പി സ്വരജീത് സെനും പ്രിൻസിപ്പൽ സെക്രട്ടറി പി.കെ. അഗർവാളും എച്ച്.ഐ.വി പരിശോധനക്ക് വിധേയരായി. ഇതേ ചടങ്ങിൽ കുട്ടികൾക്ക് ആന്റി റിട്രോവൈറൽ ട്രീറ്റ്മെന്റിനുള്ള(എ.ആർ.ടി) മരുന്നുകളുടെയും പോഷകാഹാര പാക്കറ്റുകളുടെയും വിതരണത്തിന് തുടക്കം കുറിച്ചു. ലോക എയിഡ്സ് ദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി ബോധവൽക്കരണ റാലികളും യോഗങ്ങളും അരങ്ങേറി.

എച്ച്.ഐ.വി പരിശോധനക്ക് ആളുകളെ സന്നദ്ധരാക്കാനും രോഗബാധിതർ നേരിടുന്ന അവഗണന അവസാനിപ്പിക്കാനും ലക്ഷ്യമിടുന്ന പരിപാടി തരംഗമാകാൻ അധിക നാളുകൾ വേണ്ടിവന്നില്ല. ഒരാഴ്ചക്കുള്ളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റും ആഭിമുഖ്യത്തിൽ നടത്തിയ 30103 ബോധവൽക്കരണ സമ്മേളനങ്ങളിൽ അൻപതു ലക്ഷത്തിലധികം ആളുകൾ പങ്കെടുത്തു. ഗ്രാമസഭകൾ മുഖേന ലഘുലേഖകളും ജനങ്ങൾക്ക് സ്വയം വിലയിരുത്തുന്നതിനുള്ള ചോദ്യാവലിയും നൽകി. പരിശോധനക്ക് സന്നദ്ധരാകാൻ അവരെ പ്രേരിപ്പിച്ചു. ഒരാഴ്ചക്കുള്ളിൽ എഴുപതിനായിരത്തോളം പേർ പരിശോധനക്ക് വിധേയരായി. ഒരു മാസംകൊണ്ട് ഈ സംഖ്യ 1.25 ലക്ഷമായി.

മുഖ്യമന്ത്രിയും ആറു മന്ത്രിമാരും എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും നിയമസഭാകക്ഷി നേതാക്കളും 75 എം.എൽ.എമാരും ഇതിൽ ഉൾപ്പെടുമെന്നറിയുമ്പോഴാണ് ആന്ധ്രിലെ രാഷ്ട്രീയ നേതൃത്വത്തെ നാം നമിക്കുക. ആറു മാസത്തിനുള്ളിൽ പത്തു ലക്ഷം പേരാണ് എച്ച്.ഐ.വി സ്ഥിതി പരിശോധിക്കാൻ എത്തിയത്.

എച്ച്.ഐ.വി/ എയിഡ്സിനെക്കുറിച്ച് സംസാരിക്കാനും പരിശോധനക്ക് വിധേയരാകാനും ധൈര്യം കാട്ടുക,

പരിശോധനാ ഫലം എന്തായാലും അംഗീകരിക്കാനും അതിന് അനുസരിച്ച് ജീവിതശൈലിയിൽ മാറ്റം വരുത്താനും തയാറാകുക, രോഗബാധ കണ്ടെത്തുന്നവർ ജീവിതത്തോട് ക്രിയാത്മക സമീപനം സ്വീകരിക്കുക, എച്ച്.ഐ.വി/ എയിഡ്സിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ടെലിഫോൺ ഹെൽപ്പ് ലൈനിൽ ബന്ധപ്പെടുക, രോഗമില്ലെന്ന് സ്ഥിരീകരിക്കുന്നവർ രോഗബാധക്കുള്ള സാഹചര്യങ്ങൾ ഒഴിവാക്കുക തുടങ്ങി സമഗ്രമായ മാർഗനിർദേശങ്ങളുമായാണ് ബീ ബോൾഡ് പദ്ധതി മുന്നോട്ടു നീങ്ങിയത്.

എച്ച്.ഐ.വി ബാധിതർക്ക് പരിചരണം നൽകാൻ കുടുംബാംഗങ്ങളെയും ചികിത്സിക്കാൻ ഡോക്ടർമാരെയും വൈറസ് ബാധിച്ച കുട്ടികൾക്ക് സ്കൂളുകളിൽ പ്രവേശനം നൽകാൻ അധ്യാപകരെയും രോഗികളായ സുഹൃത്തുക്കളെ അംഗീകരിക്കാനും രോഗത്തിനെതിരായ മുൻകരുതലുകൾ സ്വീകരിക്കാനും യുവതലമുറയെയും സന്നദ്ധരാക്കുന്നതിനുള്ള നീക്കങ്ങൾ ഫലപ്രദമാണെന്ന് പിന്നീട് തെളിഞ്ഞു.

ഗർഭനിരോധന ഉറയില്ലാതെ ലൈംഗിക ബന്ധത്തിന് തയാറല്ലെന്ന് പറയാൻ സ്ത്രീകളും വിവാഹവേളയിൽ വരന്റെ എച്ച്.ഐ.വി സ്ഥിതി അന്വേഷിക്കാൻ യുവതികളും ധൈര്യം കാട്ടണമെന്ന് പദ്ധതി ആഹ്വാനം ചെയ്തു.

കൂടുതൽ ആളുകളെ പരിശോധനക്ക് വിധേയരാക്കുന്നതാണ് എച്ച്.ഐ.വി/ എയിഡ്സിനെതിരായ ഫലപ്രദമായ പോരാട്ടമെന്ന് ഈ വർഷം ജൂണിൽ ലോകാരോഗ്യ സംഘടന പുറത്തിറക്കിയ നയരേഖയിൽ വ്യക്തമാക്കിയിരുന്നു. രോഗബാധിതരിൽ കേവലം 13 ശതമാനം ആളുകൾക്കു മാത്രമാണ് തങ്ങളുടെ അവസ്ഥയെക്കുറിച്ച് അറിവുള്ളത്. പരിശോധനക്കു വിധേയമാകുന്നതിനുള്ള വിമുഖതയും എച്ച്.ഐ.വി. പോസിറ്റീവായവർക്ക് ലഭിക്കുന്ന പരിചരണം, പിന്തുണ, ആരോഗ്യ സേവനം തുടങ്ങിയവയെക്കുറിച്ചുള്ള അറിവില്ലായ്മയും മൂലമാണ് ആളുകൾ പരിശോധനാ കേന്ദ്രങ്ങളിൽ എത്താൻ മടിക്കുന്നത്. ഫലപ്രദമായ ഇടപെടലുകളിലൂടെയും ബോധവൽക്കരണത്തിലൂടെയും ഈ സ്ഥിതിയിൽ മാറ്റം വരുത്താനാകുമെന്ന് ആന്ധ്രയിലെ അനുഭവം വ്യക്തമാക്കുന്നു.

മാറ്റങ്ങളുടെ വർഷം

എച്ച്.ഐ.വി/ എയിഡ്സ് മറ്റേതു രോഗവും പോലെയാണെന്ന യാഥാർഥ്യം ഒരു സംസ്ഥാനം മുഴുവൻ ഉൾക്കൊണ്ടു കഴിഞ്ഞിരിക്കുന്നു എന്നതാണ് പദ്ധതിയുടെ പ്രധാന വിജയം. പരിശോധനക്ക് വിധേയമാകുന്നതിൽ ജനങ്ങൾക്കുണ്ടായിരുന്ന അപകർഷതാ ബോധം പാടെ മാറിയിരിക്കുന്നു.

രോഗമുണ്ടെന്ന് കണ്ടെത്തുന്നവർ നിരാശരാകാതെ ആരോഗ്യ പരിരക്ഷയിൽ ശ്രദ്ധിക്കുന്നു. ആന്റി റിട്രോവൈറൽ തെറാപ്പിക്ക് വിധേയരാകുന്നവരുടെ എണ്ണം കഴിഞ്ഞ വർഷത്തെ 3000 ൽനിന്ന് 16400 ആയി വർധിച്ചിരിക്കുന്നു.

"മുൻപ് പരിശോധനക്ക് എത്തുമ്പോൾ ആളുകൾക്ക് പലവിധ ആശങ്കകളാണ് ഉണ്ടായിരുന്നത്. പോസിറ്റീവെന്ന് കണ്ടെത്തിയാൽ എന്തു ചെയ്യും എന്നതായിരുന്നു അവരുടെ മനസ്സിലെ പ്രധാന ചോദ്യം. ഇപ്പോൾ ഇതിന് ഉത്തരമുണ്ട്. എ.ആർ.ടി കേന്ദ്രങ്ങളിലും മറ്റും പോസിറ്റീവായവർക്ക് പരിചരണം നൽകിവരുന്നു. അതുകൊണ്ടുതന്നെ കൂടുതൽ ആളുകൾ പരിശോധനക്ക് വിധേയരാകുന്നു. പോസിറ്റീവെന്ന് കണ്ടെത്തുന്നവർ രോഗം പകർത്താതിരിക്കാൻ ശ്രദ്ധ ചെലുത്തുന്നു. പുതിയതായി രോഗം ബാധിക്കുന്നവരുടെ തോത് 2005ലേതിൽനിന്നും ഗണ്യമായി കുറഞ്ഞതായി അടുത്തയിടെ ഒരു സർവേയിൽ വ്യക്തമായിരുന്നു"-അശോക് കുമാർ പറയുന്നു.

ഇന്ന് ജനപ്രതിനിധികളും പൊതുജനങ്ങളുമൊക്കെ മറ്റ് ഏതു രോഗങ്ങളെയും കുറിച്ചെന്ന പോലെ എയിഡ്സിനെക്കുറിച്ച് സംസാരിക്കാൻ ധൈര്യം കാട്ടുന്നു. പ്രത്യേക പരിശീലനം നേടിയ ഡോക്ടർമാർ എച്ച്.ഐ.വി ബാധിതരെ ചികിത്സിക്കാൻ സന്നദ്ധത കാട്ടുന്നു.

"ഈ വർഷം ഡിസംബർ ഒന്നിന് പദ്ധതി ഒന്നാം വാർഷികം ആഘോഷക്കുമ്പോൾ സംസ്ഥാനത്ത് പുതിയതായി എച്ച്.ഐ.വി ബാധിക്കുന്നവരുടെ സംഖ്യയിൽ ശ്രദ്ധേയമായ കുറവുണ്ടാകും. എച്ച്.ഐ.വി പോസിറ്റീവായ അമ്മമാരിൽനിന്ന് കുട്ടികളിലേക്ക് രോഗം പകരുന്നത് തടയുന്നതിനുള്ള ശ്രമങ്ങൾ വൻ വിജയം നേടിയിട്ടുണ്ട്"-അശോക് കുമാർ വ്യക്തമാക്കി.

വിജയത്തിലേക്കുള്ള വഴി

അസാധ്യമെന്ന് പ്രവചിക്കപ്പെട്ട പലതും യാഥാർഥ്യമാക്കിയ ചരിത്രമാണ് അശോക് കുമാറിന്റേത്. അതുതന്നെയാണ് ബി ബോൾഡ് പദ്ധതിയുടെ കാര്യത്തിലും സംഭവിച്ചത്.

എച്ച്.ഐ.വിയുമായി ബന്ധപ്പെട്ട് പരസ്യങ്ങൾ പ്രസിദ്ധീകരിക്കാനുള്ള പ്രചാരണ വിഭാഗമായി മാത്രം കരുതപ്പെട്ടിരുന്ന എ.പി.എസ്.എ.സി.എസിനെ ലോകം ഉറ്റുനോക്കുന്ന ഒരു മുന്നേറ്റത്തിന്റെ സിരാകേന്ദ്രമാക്കി മാറ്റിയത് അദ്ദേഹത്തിന്റെ ശുഭാപ്തി വിശ്വാസവും കഠിനാധ്വാനവുമാണ്.

ശൂന്യതയിൽനിന്ന് തുടക്കം കുറിച്ച പദ്ധതിയുടെ ഭാഗമായുള്ള ഓരോ ചുവടുവെപ്പുകളും വാർത്തകളിൽ ഇടംനേടി. നിലവിൽ നിർജീവമായിരുന്ന ചില പദ്ധതികൾക്ക് ആർജവം പകർന്നതിനൊപ്പം തികച്ചും വ്യത്യസ്തമായ പരിപാടികളിലൂടെയാണ് ബീ ബോൾഡ് പുരോഗമിച്ചത്.

എച്ച്.ഐ.വി ബാധ രൂക്ഷമായിരുന്ന നിസാമബാദ് ജില്ലയിൽ ദിനപ്പത്രത്തിനൊപ്പം ഗർഭനിരോധന ഉറകൾ വിതരണം ചെയ്തത് ഉൾപ്പെടെയുള്ള വേറിട്ട പരിപാടികൾ ഇതിൽ ഉൾപ്പെടും.

പ്രാഥമിക നടപടികളുടെ ഭാഗമായി എച്ച്.ഐ.വി ടെസ്റ്റിംഗ് കേന്ദ്രങ്ങളുടെയും കെയർ സപ്പോർട്ട് സെന്ററുകളുടെയും എസ്.ടി.ഡി ക്ലിനിക്കുകളുടെയും മേൽവിലാസം അടങ്ങുന്ന ഡയറക്ടറി പ്രകാശനം ചെയ്തു. എച്ച്.ഐ.വിയുമായി ബന്ധപ്പെട്ട ചോദ്യാവലിയും ജില്ലകളിൽ ലഭ്യമായ സേവനങ്ങളെക്കുറിച്ചുള്ള വിവരങ്ങളും രണ്ട് പ്രധാന തെലുങ്ക് ദിനപ്പത്രങ്ങളിൽ പ്രസിദ്ധീകരിച്ചു. ഇതേ തുടർന്ന് ഹെൽപ് ലൈനിലേക്കുള്ള ടെലിഫോൺ കോളുകളുടെ എണ്ണം എട്ടു മടങ്ങ് വർധിച്ചു.

പ്രവർത്തനങ്ങൾ കൂടുതൽ സമഗ്രമാക്കുന്നതിന് ലക്ഷ്യമിട്ട് മുഖ്യമന്ത്രി രക്ഷാധികാരിയും ചീഫ് സെക്രട്ടറിയും ഡി.ജി.പിയും പതിനാറു വകുപ്പുകളുടെ പ്രിൻസിപ്പൽ സെക്രട്ടറിമാരും എച്ച്.ഐ.വി ബാധിതരുടെ സംഘടനാ പ്രതിനിധികളും ഉൾപ്പെട്ട ഉന്നത തല കമ്മിറ്റിക്ക് സർക്കാർ രൂപം നൽകി.

2006 ഡിസംബർ രണ്ടിന് ജില്ലാ ലെപ്രസി ഓഫീസർമാർക്ക് എയിഡ്സ് അനുബന്ധ പരിപാടികളുടെ കൂടി ചുമതല നൽകിക്കൊണ്ട് സർക്കാർ ഉത്തരവായി. ഡ്രൈവിംഗ് ലൈസൻസിനുള്ള എഴുത്തുപരീക്ഷയിൽ എച്ച്.ഐ.വിയുമായി ബന്ധപ്പെട്ട അഞ്ചു ചോദ്യങ്ങൾ നിർബന്ധിതമാക്കാൻ ഗതാഗത വകുപ്പ് തീരുമാനമെടുത്തു.

സംസ്ഥാനത്തെ 56 ക്യാമ്പുകളിലായി എല്ലാ പോലീസുകാർക്കും എച്ച്.ഐ.വി പരിശോധനക്ക് വിധേയരാകുന്നതിന് സംവിധാനം ഏർപ്പെടുത്തി. 2006 ഡിസംബർ ഏഴിന് ഹൈദരാബാദിൽ നടന്ന സംഗമത്തിൽ ഐച്ച്.ഐ.വി ബാധിതരായ 3800 പേർ പങ്കെടുത്തു. വൈറസ് ബാധിതരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിന് ലക്ഷ്യമിട്ടാണ് പരിപാടി സംഘടിപ്പിച്ചത്. ഐച്ച്.ഐ.വി ബാധിതരുടെ ലോകത്തിലെ ഏറ്റവും വലിയ സംഗമമായാണ് ഇത് കരുതപ്പെടുന്നത്.

ഈ ചടങ്ങിൽ എച്ച്.ഐ.വി ബാധിതരുടെ

അശോക് കുമാർ

സംഘടനയായ തെലുങ്ക് നെറ്റ്‌വർക്ക് ഓഫ് പീപ്പിൾ ലിവിംഗ് വിത്ത് എച്ച്.ഐ.വി എയിഡ്സ് പ്രസിഡന്റും അശോക് കുമാറും ഹൈദരാബാദ് പ്രഖ്യാപനത്തിൽ ഒപ്പുവെച്ചു.

എയിഡ്സ് പ്രതിരോധം, നിയന്ത്രണം, ചികിത്സ, പരിചരണം, പിന്തുണ തുടങ്ങിയവയോടുള്ള പ്രതിജ്ഞാബദ്ധത പ്രഖ്യാപിച്ചു.

വൈറസ് പരത്തില്ലെന്നും ഉത്തരവാദിത്തത്തോടെ പ്രവർത്തിക്കുമെന്നും പോസിറ്റീവ് നെറ്റ്‌വർക്ക് അംഗങ്ങൾ പ്രഖ്യാപിച്ചു. 23 ജില്ലകളിൽനിന്ന് എത്തിയവർ എയിഡ്സിനെതിരായ പോരാട്ടത്തിന് പിന്തുണ പ്രഖ്യാപിക്കുകയും ഒരു ദിവസം മുഴുവൻ വിനോദ പരിപാടികളുമായി ചെലവിടുകയും ചെയ്തു.

മുങ്ങിത്താഴുന്ന ജീവിതത്തിൽ അഞ്ചു വർഷം കൂടി അധികമായി ലഭിച്ച സന്തോഷമാണ് സംഗമത്തിനു ശേഷമുണ്ടായതെന്ന് ഗുണ്ടൂരിൽനിന്നുള്ള എച്ച്.ഐ.വി ബാധിതയായ രമ പറഞ്ഞു.

ഈ കൂട്ടായ്മയിൽ എച്ച്.ഐ.വി ബാധിതരായ കുട്ടികൾ വരച്ച ചിത്രങ്ങൾ എ.പി.എസ്.എ.സി.എസ് പുതുവത്സര ആശംസാ കാർഡായി പുറത്തിറക്കി. ഇതിൽനിന്നുള്ള വരുമാനം ആന്റി റിട്രോവൈറൽ തെറാപ്പിക്ക് വിധേയരാകുന്ന കുട്ടികൾക്കായാണ് ചെലവഴിക്കുന്നത്.

രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിനും എച്ച്.ഐ.വി/ എയിഡ്സ് പ്രതിരോധ വിദ്യാഭ്യാസം നടപ്പാക്കുന്നതിനുമായി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും റെഡ് റിബൺ ക്ലബുകൾ ആരംഭിക്കണമെന്നാണ് നാഷണൽ എയിഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെ നിർദേശം. ആന്ധ്രയിലുടനീളം ഇപ്പോൾ 25000 റെഡ് റിബൺ ക്ലബുകളാണുള്ളത്.

എച്ച്.ഐ.വി ബാധിതരായ കുട്ടികൾ ഇപ്പോൾ കേരളത്തിൽ നേരിടുന്നതിനു സമാനമായ വിവേചനം നിലനിന്നിരുന്ന ആന്ധ്രയിൽ സ്ഥിതിഗതികൾ മാറിമറിഞ്ഞതിന്റെ ക്രെഡിറ്റ് റെഡ് റിബൺ ക്ലബുകൾക്കാണ്.

"കുട്ടികളോട് വിവേചനം കാണിക്കുന്നതായി വിവരം ലഭിച്ചാൽ അവിടുത്തെ ആളുകളെ ബോധവൽക്കരിക്കുന്നതിനായി ഓഫീസർമാരെ അയക്കുകയാണ് പതിവ്. അതുകൊണ്ട് ഫലമുണ്ടായില്ലെങ്കിൽ സ്കൂളുകൾ അടച്ചുപൂട്ടുകയോ രോഗബാധിതരായ കുട്ടികൾക്കു വേണ്ടിമാത്രം തുടരുന്നതിനോ സർക്കാർ നടപടി സ്വീകരിക്കും.' -അശോക് കുമാർ പറയുന്നു.

2005ൽ ആന്ധ്രയിൽ ജനിച്ച പതിനാറു ലക്ഷം കുട്ടികളിൽ എണ്ണായിരത്തിലധികം കുട്ടികൾ എച്ച്.ഐ.വി പോസിറ്റീവായിരുന്നു. ഈ വർഷം അവസാനത്തോടെ എച്ച്.ഐ.വി ഇല്ലാത്ത പുതുതലമുറയെയാണ് എ.പി.എസ്.എ.സി.എസ് ലക്ഷ്യമിടുന്നത്. ഇതിനുള്ള നീക്കം വിജയ പാതയിലുമാണ്.

അമ്മമാരിൽനിന്ന് നവജാത ശിശുക്കളിലേക്ക് വൈറസ് പകരുന്നത് തടയാനുള്ള മുൻകരുതലുകൾ ഏറെ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. എച്ച്.ഐ.വി പോസിറ്റീവായ എല്ലാ ഗർഭിണികളെയും കണ്ടെത്തി മതിയായ പരിചരണം നൽകുകയും പ്രസവം ആശുപത്രികളിൽതന്നെ നടത്തുകയും ചെയ്യുകയാണ് ഇതിന്റെ ആദ്യ ഘട്ടം. ഇതിനായി കഴിഞ്ഞ ജൂലൈയിൽ സന്നദ്ധ പ്രവർത്തകരെ സജ്ജരാക്കി. എച്ച്.ഐ.വി ബാധിതരായ സ്ത്രീകളുടെ പ്രസവം എടുക്കുന്നതിന് എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർക്കും താൽപര്യമുള്ള സ്വകാര്യ ഡോക്ടർമാർക്കും പരിശീലനം നൽകി.

നെവിറാപിൻ എന്ന മരുന്നാണ് അമ്മമാരിൽനിന്ന് കുഞ്ഞുങ്ങളിലേക്ക് വൈറസ് പകരുന്നത് തടയാൻ (പി.പി.ടി.സി.ടി) ഉപയോഗിക്കുന്നത്. പ്രസവ വേളയിൽ മാതാവിന് 200 മില്ലിഗ്രാം ഗുളിക നൽകും. ജനിച്ച് 72 മണിക്കൂറിനുള്ളിൽ കുട്ടിക്ക് ഒരു സ്പൂൺ സിറപ്പും. രാജ്യത്തെ 235 കേന്ദ്രങ്ങളിലേക്ക് നാഷണൽ എയിഡ്സ് കൺട്രോൾ ഓർഗനൈസേഷൻ ഇത് വ്യാപിപ്പിച്ചിട്ടുണ്ട്. ആന്ധ്രയിൽ മാത്രം 37 പി.പി.ടി.സി.ടി കേന്ദ്രങ്ങളുണ്ട്.

ഇന്ത്യയിൽ ആകെ അഞ്ചു ദശലക്ഷം ആളുകൾക്ക് എച്ച്.ഐ.വി ബാധയുണ്ടെന്നാണ് അനൗദ്യോഗിക കണക്ക്.

ആന്ധ്രാ പ്രദേശ്, കർണാടക, മഹാരാഷ്ട്ര, തമിഴ്നാട് എന്നിവയും വടക്കു കിഴക്കൻ സംസ്ഥാനങ്ങളായ മണിപ്പൂരും നാഗാലാന്റുമാണ് കണക്കുകളിൽ മുൻപന്തിയിൽ. ഈ വർഷം നാകോ നടത്തിയ പഠനങ്ങളിൽ മറ്റു സംസ്ഥാനങ്ങളിലും എച്ച്.ഐ.വി ബാധ വർധിച്ചുവരുന്നതായി കണ്ടെത്തിയിരുന്നു.

കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ആന്ധ്രയുടെ മാതൃക പിന്തുടരേണ്ട കാലം അതിക്രമിച്ചിരിക്കുന്നു എന്ന് സാരം □

2006 ഡിസംബർ ഏഴിന് ഹൈദരാബാദിൽ നടന്ന എച്ച്.ഐ.വി ബാധിതരുടെ സംഗമം.

അമരക്കാരനായി ഒരു മലയാളി

അശോക് കുമാർ, മകൻ ഗൗരവ്, ഭാര്യ ബിന്ദു.

സിവിൽ സർവീസിൽ പതിനാറു വർഷം പിന്നിട്ട അശോക് കുമാർ സമൂഹത്തിന്റെ താഴേത്തട്ടിലുള്ളവർക്കു വേണ്ടി നടത്തിയ പ്രവർത്തനങ്ങളിലൂടെയാണ് ജനകീയനായ ഉദ്യോഗസ്ഥൻ എന്ന ഖ്യാതി നേടിയത്. ആന്ധ്രയിലെ രണ്ടു ഗ്രാമങ്ങൾക്കും ഒരു തടാകത്തിനും ഇദ്ദേഹത്തിന്റെ പേരു നൽകിയിട്ടുണ്ടെന്ന് അറിയുമ്പോഴാണ് ജനങ്ങളും സർക്കാരും ഈ മലയാളിക്ക് നൽകുന്ന ആദരം വ്യക്തമാവുക.

മുഖ്യമന്ത്രി വൈ.എസ്. രാജശേഖര റെഡ്ഡിയുടെ നിയോജക മണ്ഡലമായ പുലിവെണ്ടുലയിലും കടപ്പ ജില്ലയിലെ ചിത്‌വേൽ മണ്ഡലത്തിലുമാണ് അശോക് നഗർ എന്ന് അറിയപ്പെടുന്ന ഗ്രാമങ്ങളുള്ളത്. ഏറെ വിദൂരമായ മലമുകളിലെ ഗ്രാമത്തിലുണ്ടായിരുന്ന 50 കുടുംബങ്ങളെ പുനരധിവസിപ്പിച്ച സ്ഥലമാണ് പുലിവെണ്ടുലയിലെ അശോക് നഗർ. തെരഞ്ഞെടുപ്പിലെ സ്ഥാനാർഥികൾപോലും കടന്നുചെല്ലാതിരുന്ന മലമുകളിലെത്തി ജനങ്ങളെ ബോധവൽക്കരിച്ച് സമതല പ്രദേശത്ത് പുനരധിവസിപ്പിക്കാൻ മുൻകൈ എടുത്തത് അന്ന് ജില്ലാ കലക്ടറായിരുന്ന അശോക് കുമാറായിരുന്നു. 2005 മേയിൽ മുഖ്യമന്ത്രി തന്നെയാണ് ഗ്രാമത്തിന്റെ നാമകരണം നിർവഹിച്ചത്.

ബീഡി വ്യവസായ മേഖലയിലെ ബാലതൊഴിലാളികളുടെ ആധിക്യം കൊണ്ട് കുപ്രസിദ്ധമായിരുന്ന നിസാമാബാദിലെ ഭൂരിഭാഗം സ്ഥലങ്ങളിലും ബാലവേല തുടച്ചു നീക്കുന്നതിന് മുൻകൈ എടുത്ത അശോക് കുമാർ ജില്ലയിൽ ഒരു മാസത്തിനുള്ളിൽ ഒരു ലക്ഷം കക്കൂസുകളുടെ നിർമാണത്തിന് വഴിയൊരുക്കിയ പദ്ധതിയും അനാചാരങ്ങളുമായി കഴിഞ്ഞിരുന്ന പൊതരാജു വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവന്നതും ശ്രദ്ധ പിടിച്ചുപറ്റി. നിസാമാബാദിൽ കലക്ടർ മുൻകൈ എടുത്ത് നവീകരിച്ച തടാകത്തിന് നാട്ടുകാർ അശോക് സാഗർ എന്ന് നാമകരണം ചെയ്യുകയായിരുന്നു.

ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് ഏജൻസി പ്രോജക്ട് ഓഫീസർ, വിവര സാങ്കേതിക വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി തുടങ്ങി വിവിധ നിലകളിൽ തിളക്കമാർന്ന പ്രവർത്തനം കാഴ്ചവെച്ച അശോക് കുമാർ ഹൈദരാബാദ് അർബൻ ഡവലപ്മെന്റ് വൈസ് ചെയർമാനായിരിക്കെ ഇന്ത്യയിലെ ആദ്യത്തെ ലേസർ ഷോ ഗാലറിയായ ലുംബിനി ലേസേറിയത്തിന്റെ നിർമാണത്തിന് ചുക്കാൻ പിടിച്ചു. ആന്ധ്രാപ്രദേശ് സ്പോർട്സ് അതോറിറ്റി വൈസ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായിരിക്കെ ആഫ്രോ-ഏഷ്യൻ ഗെയിംസ് ലോ ബില്യാർഡ്സ് ചാമ്പ്യൻഷിപ്പ്, ഹൈദരാബാദ് ഓപൺ ടെന്നിസ് ടൂർണമെന്റ് തുടങ്ങിയവയുടെ നടത്തിപ്പിൽ പങ്കാളിയായ ഇദ്ദേഹം 2010ലെ കോമൺവെൽത്ത് ഗെയിംസിന് അപേക്ഷ സമർപ്പിക്കുന്നതിന് ജമൈക്ക സന്ദർശിച്ച ഇന്ത്യൻ പ്രതിനിധി സംഘത്തിൽ അംഗമായിരുന്നു. ചന്ദ്രബാബു നായിഡു മുഖ്യമന്ത്രിയായിരിക്കെ ജില്ലാ ഭരണകൂടങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ നടത്തിയ അഭിപ്രായ സർവേയിൽ അശോക് കുമാർ കലക്ടറായിരുന്ന നിസാമാബാദായിരുന്നു ഒന്നാം സ്ഥാനത്ത്.

കേരള സർക്കാരിന്റെ മുൻ ഇൻഷുറൻസ് ഡയറക്ടറായിരുന്ന ആറൻമുള പൂവത്തൂർ അയ്യൻകോയിക്കൽ പി.എൻ ഗോപാലപിള്ളയുടെയും ചെങ്ങന്നൂർ പുത്തൻകാവ് അയ്യൻകോയിക്കൽ കുടുംബാംഗമായ രാജമ്മയുടെയും മകനായ അശോക് കുമാർ പത്താം റാങ്കോടെ എസ്.എസ്.എൽ.സിയും സ്വർണ മെഡലോടെ ഹിന്ദി ഭൂഷണും നേടിയ ശേഷം ഇലക്ട്രോണിക്സ് ആന്റ് കമ്യൂണിക്കേഷനിൽ ബി.ടെക് ബിരുദം നേടി.

മുംബൈയിലെ ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ചിൽ കോസ്മിക് റേ ഫിസിക്സിൽ ഗവേഷണം നടത്തുകയും ബാംഗ്ലൂരിലെ സിഡോട്ടിൽ ഡിസൈൻ എൻജിനിയറായി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. ആന്ധ്രാപ്രദേശിലെ ഉത്നൂർ സബ് കലക്ടറാണ് സിവിൽ സർവീസിൽ തുടക്കം കുറിച്ചത്. ഭാര്യ ഡോ. ബിന്ദു യുനിസെഫിന്റെ എച്ച്.ഐ.വി കൺസൾട്ടന്റായി പ്രവർത്തിക്കുന്നു. മൂന്നാം ക്ലാസ് വിദ്യാർഥിയായ ഗൗരവ് ഏകമകനാണ് □

നിസാമബാദിലെ അശോക് സാഗർ തടാകം.